**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ വി ജോയി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണം 2022 ഡിസംബറിൽ പൂർത്തിയാക്കണമെന്ന് അദാനി പോർട്ടിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ; | (എ) | കരാർ പ്രകാരം 2019 ഡിസംബറിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. ഇതിന് കഴിയാതെ വന്ന സാഹചര്യത്തിൽ കൺസഷനെയർ 2022 ജൂണിൽ ഒരു പുതുക്കിയ നിർമ്മാണ ഷെഡ്യൂൾ സമർപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തികൾ 2024 ഡിസംബറിൽ പൂർത്തീകരിക്കാമെന്നാണ് അറിയിച്ചിരി ക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2022 അവസാനത്തോടെയോ 2023 ആദ്യ മാസങ്ങളിലോ ആദ്യ കപ്പൽ വിഴിഞ്ഞത്തെത്തുന്ന തരത്തിൽ പണികൾ പൂർത്തീകരിക്കുവാൻ നിർമ്മാണ കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുലിമുട്ടിന്റെ നിർമ്മാണം 1800 മീറ്റർ പൂർത്തിയായി. ടഗ്ഗുകൾ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നതിനനുസരിച്ച് മറ്റ് ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്ന വിധത്തിലാണ് പണികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.<br><br>പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ നിർമ്മാണത്തിൽ നാളിതുവരെ കൈവരിച്ച പുരോഗതി ചുവടെ ചേർക്കുന്നു. |
| (ബി) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട റെയിൽ, റോഡ് കണക്ടിവിറ്റി പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; | (ബി) | **<u>റോഡ് കണക്ടിവിറ്റി</u>**<br><br>തുറമുഖത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായി നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. ടി റോഡിനെ NH-66 മായി ബന്ധിപ്പിക്കുന്ന ജംഗ്ഷന് National Highway Authority of India (NHAI)യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് ഡെപ്പോസിറ്റ് വർക്കായി NHAI |

| | | | |
|---|---|---|---|
| | | | നിർവ്വഹിക്കാമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി 42 സെന്റ് സ്ഥലം അധികമായി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>**<u>റെയിൽ കണക്ടിവിറ്റി</u>**<br><br>വിഴിഞ്ഞം തുറമുഖത്തിനെ തിരുവനന്തപുരം - കന്യാകുമാരി റെയിൽപ്പാതയുമായി ബന്ധിപ്പിക്കുന്ന പുതിയ പാതയുടെ നിർമ്മാണത്തിനായി കൊങ്കൺ റെയിൽവേ തയ്യാറാക്കിയ പ്രോജക്റ്റ് റിപ്പോർട്ട് (DPR) ന് ദക്ഷിണ റെയിൽവേ 2022 മാർച്ചിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 6.431 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്. സ്ഥലമേറ്റെടുപ്പ് പ്രവർത്തികൾ പുരോഗമിച്ചുവരികയാണ്. |
| (സി) | തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടെ ഉണ്ടാകുന്ന അനുബന്ധ സാധ്യതകൾ കണക്കിലെടുത്ത് തുറമുഖ വ്യവസായ രംഗത്തെ നിക്ഷേപ സാധ്യതകൾ തേടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | തുറമുഖവുമായി ബന്ധപ്പെട്ട അനുബന്ധ വികസന പ്രവർത്തനങ്ങൾക്കായി കൺസഷൻ കരാർ പ്രകാരം കരാർ കമ്പനിക്ക് 30 ഹെക്ടർ ഭൂമി കൈമാറിയിട്ടുണ്ട്. ഇവിടെ കൺസഷണയർ തന്നെ വിവിധ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. തുറമുഖ ത്തിന്റെ വികസന സാധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങൾ സർക്കാർ തന്നെ നടപ്പിലാക്കിവരുന്നുണ്ട്. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ റോഡിനെ കേന്ദ്രീകരിച്ച് ഒരു Outer Area Growth Corridor പദ്ധതിയും പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ